ആദിവാസികൾക്കുള്ള ആനുകൂല്യങ്ങൾ

2 (785)ശ്രീ. എൻ കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ 'മലമുത്തൻ' എന്ന ആദിവാസികൾക്ക് പരമ്പരാഗതമായി ലഭിച്ചു വന്ന ആനുകൂല്യങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുവാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മലമുത്തൻ എന്ന ആദിവാസികൾക്ക് കഴിഞ്ഞ കാലത്ത് ലഭിച്ചു വന്നിരുന്ന ആനുകൂല്യങ്ങൾ തുടർന്നു ലഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മറ്റർഹ സമുദായ (ഒ.ഇ.സി) ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന മലമുത്തൻ എന്ന ഗിരിവർഗ്ഗക്കാർക്ക് പരമ്പരാഗതമായി ലഭിച്ചു വന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതിയുണ്ടായിട്ടില്ല. ഇവർ പട്ടികവർഗ്ഗക്കാരല്ല.

(സി) മലപ്പുറം, കോഴിക്കോട് ജില്ലകളിലെ മലമുത്തൻ വർഗ്ഗക്കാർ 'മുക്കുവാൻ' എന്ന പേരിൽ പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യം അനുഭവിച്ചിരുന്നതായും ആയത് നിർത്തലാക്കിയതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗക്കാരായിട്ടില്ലാത്ത മലമുത്തൻ വിഭാഗക്കാർക്ക്, പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുവരെ ഇപ്പോൾ അനുവദനീയമായ മറ്റർഹ സമുദായ (ഒ.ഇ.സി) ആനുകൂല്യങ്ങൾക്കുപരിയായി മറ്റെന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചുനൽകാം എന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്.

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവിഭാഗക്കാരെ കണ്ടെത്തുന്നതിന് സർവ്വേ

3 (786)ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവിഭാഗക്കാരെ കണ്ടെത്തുന്നതിന് സർവേ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് വായ്പ നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത് പ്രകാരം എത്ര കുടുംബങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്;

(ഡി) എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സ്വന്തമായി വീടുണ്ടാക്കുന്നതിന് ഒരു സമയബന്ധിത പരിപാടി ആവിഷ്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലോചിച്ചിട്ടില്ല.

(ബി) ഉണ്ട്. കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന ഒരു പദ്ധതി 1998-99 മുതൽ നടപ്പാക്കി വരുന്നു. ഇതുപ്രകാരം വായ്പാതുക സ്പെഷ്യൽ സബ്സിഡിയടക്കം 1,50,000/-യാണ് (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) അതിൽ 50,000/- രൂപ സബ്സിഡി തിരിച്ചടയ്ക്കേണ്ടതില്ല.

(സി) പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടേയുള്ളൂ. 680 പേരെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ഡി) ആവിഷ്കരിച്ചിട്ടുണ്ട്.

പട്ടികവിഭാഗക്കാർക്ക് ഭൂമിവാങ്ങുന്നതിനുള്ള സംവിധാനങ്ങൾ

4 (787)ശ്രീ. വെങ്ങാനൂർ. പി. ഭാസ്കരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികവിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഭൂമി വാങ്ങുന്നതിന് നിലവിലുള്ള പദ്ധതി അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ പട്ടികവിഭാഗക്കാരെ അൻപത് സെന്റ് ഭൂമിയുണ്ടെങ്കിലും ഉടമകളാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപ നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇതിനായി പ്രസ്തുത വിഭാഗക്കാരെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നാല് സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 15,000 രൂപ നൽകി വരുന്നു. വീട് വയ്ക്കാനായി ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങാൻ 15,000 രൂപ ഗ്രാന്റായി നൽകുന്നു. 1998-99 സാമ്പത്തികവർഷം നടപ്പിലാക്കിയ പുതിയ പദ്ധതിപ്രകാരം ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും 15 സെന്റിൽ കുറയാതെ ഭൂമി വാങ്ങുന്നതിന് 50,000

LIBRARY ARCHIVES Kerala Legislative Assembly